**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല, തിരുവാലി ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. ബിനോജ് എബ്രഹാം സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3823/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 27.11.2017

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 27.06.2016-ലെ ഡി4-17486/15 നമ്പർ നടപടിക്രമം

2. ശ്രീ. ബിനോജ് എബ്രഹാം സമർപ്പിച്ച 19.06.2017 തീയതിയിലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2017-ലെ ഡി4-17486/15 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമപഞ്ചായത്തിൽ മണി ഓർഡർ തിരികെ വന്ന തുകയും എൽ.ഐ.സി. പ്രീമിയം അടയ്ക്കേണ്ട തുകയും യഥാസമയം അടവാക്കാതെ താൽക്കാലികമായി പണാപഹരണം നടത്തിയതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിനുത്തരവാദിയായ തിരുവാലി ഗ്രാമപഞ്ചായത്ത് ക്ലാർക്കായിരുന്ന ശ്രീ. ബിനോജ് എബ്രഹാമിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും, ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ രണ്ട് വർഷത്തേയ്ക്ക് തടയുക എന്ന ശിക്ഷ നല്കി പരാമർശം (1) പ്രകാരം അച്ചടക്ക നടപടി അവസാനിപ്പിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് ശ്രീ. ബിനോജ് എബ്രഹാം പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

ടിയാന് നൽകിയ കുറ്റാരോപണപത്രികയിലെ ആരോപണങ്ങൾ താഴെ പറയും പ്രകാരമായിരുന്നു.

1 ഗുണഭോക്താക്കൾ കൈപറ്റാതെ പഞ്ചായത്ത് ഓഫീസിൽ തിരികെ ലഭിച്ച വിവിധ ക്ഷേമ പെൻഷനുകൾ യഥാസമയം സർക്കാരിലേക്ക് അടക്കാതെ കൈവശം വച്ചു.

2. മണിഓർഡർ റിട്ടേൺ തുക ട്രഷറിയിൽ അടക്കുന്നതിനായി തിരുവാലി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും പിൻവലിച്ച എങ്കിലും ട്രഷറിയിൽ അടച്ചതിന്റെ ചെല്ലാനുകൾ/വൗച്ചറുകൾ ലഭിച്ചില്ല.

3. മണിഓർഡർ റിട്ടേൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

4 2011-12 കാലയളവിൽ LIC പ്രീമിയം തുകകൾ അടക്കുന്നതിനായി പിൻവലിച്ച എങ്കിലും മേൽ പ്രകാരം അടയ്ക്കുന്നതിന് 1 ദിവസം മുതൽ 1 വർഷം 5 മാസത്തിൽ കൂടുതൽ വൈകി.

5. ശമ്പളത്തോടൊപ്പം പിൻവലിക്കുന്ന LIC പ്രീമിയം തുകയും തിരിച്ച് വരുന്ന മണി ഓർഡർ തുകയും കൃത്യമായി അടച്ചിട്ടുണ്ടോ എന്നും രസീത് ലഭ്യമായിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടില്ല.

മേൽ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

ഓഫീസിൽ ജീവനക്കാരുടെ കുറവ് മൂലം മറ്റ സെക്ഷനുകളിലെ ജോലികൾകൂടി ചെയ്യേണ്ടി വന്നുവെന്നും ധനകാര്യ സ്ഥാപനങ്ങളിലേക്കുള്ള പണമടവാക്കൽ, സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള പണമടവാക്കൽ മുതലായവ ഓഫീസിൽ അറ്റൻഡന്റിനെയാണ് ഏൽപ്പിച്ചിരുന്നതെന്നും അവർ തുക അടക്കാൻ വീഴ്ച വരുത്തി എന്ന് അറിഞ്ഞപ്പോൾ തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെന്നും, നഷ്ടപ്പെട്ട രജിസ്റ്ററിൽ ബാക്കി പേജുകൾ ഉണ്ടായിരുന്നതു കൊണ്ടാണ് ആദ്യ കാല രസീതുകളെല്ലാം ആ രജിസ്റ്ററിൽ ഒട്ടിച്ചിരുന്നതെന്നും, മണി ഓർഡർ റിട്ടേൺ രജിസ്റ്റർ കുറച്ചു കാലത്തു ഒഴികെ ബാക്കിയെല്ലാം തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും നേരിൽ കേട്ട വേളയിൽ ടിയാൻ ബോധിപ്പിക്കുകയുണ്ടായി.

ശ്രീ. ബിനോജ് എബ്രഹാം സമർപ്പിച്ച അപ്പീൽ അപേക്ഷയുടെയും ടിയാൻ നേരിൽ കേട്ടപ്പോൾ വെളിപ്പെടുത്തിയ വിവരങ്ങളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 24.08.2012, 25.09.2012, 26.09.2012 എന്നി തീയതികളിൽ അടച്ച വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റാതെ പഞ്ചായത്തിൽ തിരികെ ലഭിച്ചത് (ഏകദേശം 76,000/- രൂപ) 25.04.2014-ലാണ്. അതായത് ഒന്നര വർഷത്തിന് ശേഷമാണ് തിരികെ അടച്ചത്. ഇതു പോലെ തന്നെ ചില LIC പ്രീമിയം തുകകൾ (ഏകദേശം 28,112 രൂപ) അടക്കുന്നതിനും ഒന്നര വർഷത്തെ കാലതാമസമാണ് വരുത്തിയിട്ടുള്ളത്. മേൽ തുകകൾ അടക്കുവാൻ ഓഫീസ് അറ്റൻഡന്റിനെയാണ് ഏൽപ്പിച്ചിരുന്നതെങ്കിൽ അടച്ചതിന്റെ രസീത് വാങ്ങി ടിയാൻ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും രസീത് സൂക്ഷിക്കേണ്ടതും കാഷ്യറുടെ ചുമതലയാണ്. ജോലി ഭാരം മൂലം ആയതു ചെയ്യാൻ സാധിച്ചില്ല എന്നുള്ള മറുപടി ഒരിക്കലും പരിഗണിക്കുവാൻ സാധിക്കുകയില്ല മണി ഓർഡർ റിട്ടേൺ രജിസ്റ്റർ കുറച്ചു കാലത്തേക്കു നഷ്ടമായിട്ടുണ്ട് എന്ന് ടിയാൻ തന്റെ അപ്പീൽ ഹർജിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നെല്ലാം ടിയാൻ താത്കാലിക ധനാപഹരണം, കൃത്യവിലോപം, കടുത്ത അച്ചടക്ക ലംഘനം എന്നിവ നടത്തിയിട്ടുള്ളതായി വെളിവാകുന്നതാണ്. ഈ സാഹചര്യത്തിൽ ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ രണ്ട് വർഷത്തേയ്ക്ക് തടഞ്ഞ പഞ്ചായത്തു ഡയറക്ടറുടെ നടപടിക്രമം ഉചിതമായ ശിക്ഷ നടപടിയായി തന്നെയാണ് കാണുന്നത്. ആയതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിക്കാനാകില്ല ഈ സാഹചര്യത്തിൽ തിരുവാലി ഗ്രാമപഞ്ചായത്ത് ക്ലാർക്കായിരുന്ന ശ്രീ. ബിനോജ് എബ്രഹാം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ബിനോജ് എബ്രഹാം (മുൻ ക്ലാർക്ക്, തിരുവാലി ഗ്രാമപഞ്ചായത്ത്) ക്ലാർക്ക്, പുലാമന്തോൾ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.174/ഇപിബി3/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ